ഖാദിമേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഖാദിസഹകരണ സംഘങ്ങളേയും മറ്റ് ഖാദി സ്ഥാപനങ്ങളേയും പുനരുദ്ധരിക്കുന്നതിനായി സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡുവഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഖാദിമേഖലയിലെ പ്രശ്നങ്ങൾ പഠിച്ച ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വർഷം മുഴുവൻ ഖാദിഉണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് പത്ത് ശതമാനം റിബേറ്റും ഉത്സവകാലങ്ങളിൽ പത്ത് ശതമാനം അധികറിബേറ്റും നൽകിവരുന്നു. ഖാദിമേഖലയുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഖാദിഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടുകൂടി ഖാദിവസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കൊച്ചി മെട്രോ സർവ്വീസ്

28(T*58) ശ്രീ. എം. വി. ശ്രേയാംസ് കുമാർ:
ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ സർവ്വീസ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്, വ്യക്തമാക്കുമോ ;

(ബി) കൊച്ചി മെട്രോ സർവ്വീസ് ആരംഭിക്കുന്നത് മുന്നിൽ കണ്ടുകൊണ്ട് എന്തെല്ലാം അനുബന്ധ സജ്ജീകരണങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ കൊമേഴ്സ്യൽ സർവ്വീസ് എന്നു മുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) 2016 ജനുവരി 23-ന് കൊച്ചി മെട്രോ റെയിലിന്റെ ടെസ്റ്റ് റൺ വിജയകരമായി നടത്തുകയുണ്ടായി. പദ്ധതിക്ക് ആവശ്യമായ 40.409 ഹെക്ടർ ഭൂമിയിൽ ഇനി 0.026 ഹെക്ടർ ഭൂമി മാത്രമേ ഏറ്റെടുക്കാനുള്ളൂ. വയാഡക്ടിന്റെ 740 സ്പാനുകളിൽ 538 സ്പാനുകളുടെ സിവിൽ ജോലികൾ പൂർത്തിയായി കഴിഞ്ഞു.

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ട്രയൽ റണ്ണിനു വേണ്ടിയുള്ള ജോലികൾ പുരോഗമിക്കുന്നു. ട്രാക്കുകൾ സ്ഥാപിക്കുന്ന ജോലികളും പുരോഗമിക്കുന്നു.

(ബി) ഒരു പേപ്പർ/ഇലക്ട്രോണിക് ടിക്കറ്റിൽ തന്നെ വിവിധ യാത്രാ മാർഗ്ഗങ്ങളിൽ ഉപയോഗിക്കുവാൻ കഴിയുന്ന രീതിയിൽ കൊച്ചിയിലെ ഗതാഗത സംവിധാനം പുനഃക്രമീകരിക്കുകയെന്നതാണ് KMRL വിഭാവനം ചെയ്യുന്നത്. യാത്രക്കാർക്ക് സുഗമമായ ഒരു യാത്രാ സംവിധാനത്തിൽ നിന്നും മറ്റൊരു യാത്രാസംവിധാനത്തിലേക്ക് കടക്കാനും ഒരു പൊതു സമയക്രമത്തിന്റെ അടിസ്ഥാനത്തിൽ യാത്ര മുൻകൂട്ടി ആസൂത്രണം ചെയ്യുവാനും ഇതുമൂലം. സാധിക്കും. മെട്രോ സംവിധാനവുമായി ബന്ധിപ്പിക്കുന്ന നടപ്പാതകളും സൈക്കിൾപ്പാതകളും പാർക്കിംഗ് സംവിധാനങ്ങളും ഈ പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കുന്നുണ്ട്. ഇതിനുപുറമെ ദ്വീപുകളെ മെട്രോ സംവിധാനവുമായി ബന്ധിപ്പിക്കുന്ന സംയോജിത ജലഗതാഗത പദ്ധതിക്കായും KMRL രൂപം നൽകിയിട്ടുണ്ട്.

(സി) കൊമേഴ്യൽ സർവ്വീസ് ഭാഗികമായി 2016 നവംബർ 1-ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

തീവണ്ടി യാത്രാസൗകര്യം

29 (*59) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണം തുടങ്ങി സംസ്ഥാന റെയിൽവേയുടെ വർഷങ്ങളായി തുടരുന്ന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സുഗമമായ യാത്രയ്ക്ക് അത്യന്താപേക്ഷിതമായ പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണം തുടങ്ങിയ കാര്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാദ്ധ്യമാകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ചാർജ്ജ് വർദ്ധനയിലൂടെയും മറ്റ് തരത്തിലും യാത്രക്കാർക്ക് വൻഭാരം അടിച്ചേല്പിക്കുമ്പോഴും സംസ്ഥാനത്തെ തീവണ്ടിയാത്രക്കാർക്ക് മിനിമം യാത്രാ സൗകര്യം ലഭ്യമാക്കുന്നതിന് സാദ്ധ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) വിലയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly